**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 522** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴയിലും കടമക്കുടിയിലുമുള്ള ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് കില മുഖേന നടപ്പിലാക്കുന്ന കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | 1. Govt. HSS Elamkunnapuzha.:- വൈപ്പിൻ മണ്ഡലത്തിലെ ഗവ. എച്ച് എസ് എസ് ഇളംകുന്നപ്പുഴ സ്കൂളിന്റെ DPR കിഫ്ബിയിൽ പരിശോധിച്ച് തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നൽകിയിട്ടുണ്ട്. പുതുക്കിയ ഡിപിആർ കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വികരിച്ച് വരുന്നു.<br><br>2. Govt. HSS & VHSS Kadamakudy:- പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക അനുമതിയ്ക്ക് 19-07-2024 ൽ കിഫ്ബിയിൽ നിന്ന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുടെ മണ്ണ് പരിശോധന റിപ്പോർട്ട് പ്രകാരം 36 m pile ഫൗണ്ടേഷനാണ് പറഞ്ഞിരിക്കുന്നത്. ആയത് നിലവിലെ Scope-ൽ ഉൾക്കൊള്ളിച്ച് ഭരണാനുമതി ലഭിച്ച തുകയിൽ നിജപ്പെടുത്താൻ സാധിക്കാത്തതിനാൽ site visit നടത്തി കിഫ്ബിയുടെ Geo-technical എൻജിനീയറുടെ നിർദ്ദേശം സ്വീകരിക്കാൻ തീരുമാനം എടുത്തിരുന്നു. അത് പ്രകാരം 28-11-2024 തീയതിയിൽ ഇപ്രകാരം site visit നടത്തി പുതിയ മണ്ണ് പരിശോധന നടത്തുന്നതിനായി കിഫ്ബി പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണപ്രവൃത്തികളിലെ തടസ്സങ്ങൾ നീക്കുന്നതിന് കിഫ്ബി മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി കെട്ടിട നിർമാണത്തിന് 36 m depth യിലുള്ള pile Foundation ഉം എളങ്കുന്നപ്പുഴ കെട്ടിട നിർമാണത്തിന് 39 m depth ഉള്ള pile foundation ഉം ആണ് soil investigation report പ്രകാരം propose ചെയ്തിരുന്നത്. ഒരു കോടി പദ്ധതിയിൽ വരുന്ന പ്രവൃത്തികൾ ആയതിനാൽ ഇത്തരത്തിൽ foundation ചെയ്യുന്നത് financially feasible ആകാത്തതിനാൽ പദ്ധതി നിർവ്വഹണ ഏജൻസി KIIFB യുമായി ബന്ധപ്പെടുകയും കിഫ്ബിയുടെ |

| | | | |
|---|---|---|---|
| | | | geotechnical consultant ടി സ്കൂളുകൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ എളങ്കുന്നപ്പുഴ സ്കൂളിന്റെ DPR പുതുക്കി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ചു വരുന്നു. കടമക്കുടി സ്കൂളിന് തുടർ മണ്ണ് പരിശോധനക്കു നിർദേശം നല്കിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ